കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി

319 (2148) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ടെന്നും ഇതിനായി മുതലും പലിശയുമായി എത്ര രൂപ പ്രതിമാസം നൽകിവരുന്നുണ്ടെന്നും തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ, മറ്റുവരുമാനങ്ങൾ ഉൾപ്പെടെ പ്രതിമാസം ശരാശരി വരുമാനം എത്രയെന്നും വിവിധയിനങ്ങളിലെ (ശമ്പളം, പെൻഷൻ, ഡീസൽ ഉൾപ്പെടെ) പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിദിനം ശരാശരി എത്ര യാത്രക്കാർ ഉണ്ടെന്നും പ്രസ്തുത യാത്രക്കാരിൽനിന്നും സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നുമുതലാണെന്നും പ്രസ്തുതയിനത്തിൽ മാസംതോറും എത്ര രൂപ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി. വിഭാഗത്തിൽനിന്നും ലഭിക്കുന്ന ശരാശരി വരുമാനം എത്രയെന്നും പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസാണ് കെ.എസ്.ആർ.ടി.സി. നടത്തുന്നത് ; സംസ്ഥാന-അന്തർ സംസ്ഥാനം എന്നിങ്ങനെ തരംതിരിച്ച് എത്ര ബസ്സുകൾ പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ടെന്നും മിടുക്കരായ പ്രൊഫഷണലുകളുടെ സേവനം ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുന്നില്ലെന്ന വസ്തുത സംബന്ധിച്ചും വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) M/s. Varma & Varma, Chartered Accountants എന്ന സ്ഥാപനം സമർപ്പിച്ച കെ.എസ്.ആർ.ടി.സി.-യുടെ ആസ്തിമൂല്യ നിർണ്ണയ റിപ്പോർട്ട് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 3674.13 കോടി രൂപയാണ്. 31-10-2015 -ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനത്തിലുള്ള ആകെ ബാധ്യത 1953.76 കോടി രൂപയാണ്. ഇതിനുപുറമേ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി തുക അനുവദിച്ചിട്ടുണ്ട്. 31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്.ആർ.ടി.സി. വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു നൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.-യിലുള്ള മൂലധനമായി മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാദ്ധ്യത 380.81 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമെടുത്ത വായ്പയെ സംബന്ധിച്ച് ഇനം തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥാപനം	തുക (കോടിയിൽ)
HUDCO	223.00
KTDFC	2,324.50 (ഹ്രസ്വകാല, ദീർഘകാല വായ്പകൾ ഉൾപ്പെടെ)
KST 133	10.00
DCB PLKD	200.00
DCB EKM	91.00
KSPIFC	15.00
Total	2863.50

വായ്പാ തിരിച്ചടവിനത്തിൽ (മുതലും പലിശയുമുൾപ്പെടെ) പ്രതിമാസം കെ.റ്റി.ഡി.എഫ്.സി.-ക്ക് 52 കോടി രൂപയും ഹഡ്കോയ്ക്ക് 3.30 കോടി രൂപയും പാലക്കാട് DCB-യ്ക്ക് 5.20 കോടി രൂപയും KST-133 Society-യ്ക്ക് 21 ലക്ഷം രൂപയും എറണാകുളം DCB-യ്ക്ക് 5.10 കോടി രൂപയും KSP IFC-യ്ക്ക് 34 ലക്ഷം രൂപയുമാണ് കെ.എസ്.ആർ.ടി.സി. നൽകിവരുന്നത്.

(സി) പരസ്യയിനം, വാടക എന്നീയിനങ്ങളിൽ പ്രതിമാസം 1,50,11,946 രൂപ ലഭിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം 170 കോടി രൂപയും ചെലവ് ശരാശരി 260 കോടി രൂപയുമാണ്.

(ഡി) ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 26,77,159 യാത്രക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രചെയ്യുന്നുണ്ട്. 1-4-2015 മുതലാണ് 15 രൂപ ടിക്കറ്റ് നിരക്കിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ ഈടാക്കി വരുന്നത്. ഈ ഇനത്തിൽ പ്രതിമാസം 6 കോടിയിൽ പരം രൂപ ലഭ്യമാകുന്നുണ്ട്.

(ഇ) 2015 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ ശരാശരി വരുമാനം 12 കോടി 36 ലക്ഷം രൂപയും, ശരാശരി ചെലവ് 8 കോടി 60 ലക്ഷം രൂപയുമാണ്.

(എഫ്) കെ.എസ്.ആർ.ടി.സി. പ്രതിദിനം ശരാശരി 14,99,806 കിലോമീറ്ററാണ് സർവ്വീസ് നടത്തുന്നത്. ജൻറം ബസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 5012 ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. ഇതിൽ 346 സർവ്വീസുകൾ അന്തർ സംസ്ഥാന സർവ്വീസുകളാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.യുടെ ഉന്നത തസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ താന്താങ്ങളുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരാണ്. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീ. ആന്റണി ചാക്കോ കേരളത്തിലേയും കേന്ദ്രത്തിലേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവായി പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്. ജനറൽ മാനേജർ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിൽ ചുമതല വഹിക്കുന്നവർ അതാത് മേഖലകളിൽ പ്രൊഫഷണൽ ബിരുദങ്ങൾ ഉള്ളവരാണ്.

ലോ ഫ്ളോർ ബസ്സ് സർവ്വീസ്

320 (2149) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും എത്ര ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും അവ ഏതെല്ലാം ഡിപ്പോകളുടെ കീഴിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസ്സുകളിലെ കളക്ഷൻ എത്ര രൂപയാണെന്ന് റൂട്ട് തിരിച്ചും ജില്ലതിരിച്ചും വ്യകതമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ കളക്ഷനുള്ളതും ഏറ്റവും കുറവുള്ളതും ഏത് റൂട്ടുകളിലാണെന്ന് വ്യക്തമാക്കുമോ ; കുറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുമോ ?

GPM.2/240/2020-50

LIBRARY ARCHIVES Kerala Legislative Assembly